| Email:<br><br>contact.seckerala@gmail.com<br><br>cru.sec@kerala.gov.in | # വാർത്താക്കുറിപ്പ് | TELEPHONE: 0471-2328158<br>MOBILE : 8281000127<br><br>www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 28th February 2023 |

## തദ്ദേശ ഉപതിരഞ്ഞെടുപ്പിൽ 74.38 ശതമാനം പേർ വോട്ട് രേഖപ്പെടുത്തി

സംസ്ഥാനത്ത് ഇന്ന് (28.02.2023) നടന്ന തദ്ദേശ ഉപതിരഞ്ഞെടുപ്പിൽ 74.38 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു. ഇടുക്കി, കാസർഗോഡ് ഒഴികെയുള്ള 12 ജില്ലകളിലെ 28 വാർഡുകളിലേയ്ക്കാണ് ഇന്ന് ഉപതിരഞ്ഞെടുപ്പ് നടന്നത്.

ആകെ 97 സ്ഥാനാർത്ഥികളാണ് ജനവിധി തേടിയത്. വോട്ടെടുപ്പ് സമാധാനപരമായിരുന്നു. വോട്ടെണ്ണൽ നാളെ (മാർച്ച് 1) രാവിലെ 10 മണിക്ക് വിവിധ കേന്ദ്രങ്ങളിൽ നടക്കും. ഫലം കമ്മീഷന്റെ www.lsgelection.kerala.gov.in സൈറ്റിലെ TREND ൽ അപ്പോൾ തന്നെ ലഭ്യമാകും.

പോളിംഗ് ശതമാനം - ജില്ല, തദ്ദേശ സ്ഥാപനം, വാർഡ് നമ്പരും പേരും, (ശതമാനം) ക്രമത്തിൽ

| | | |
|---|---|---|
| തിരുവനന്തപുരം | - | കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിലെ 12.നിലയ്ക്കാമുക്ക് (74.63) |
| കൊല്ലം | - | കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ 03.മീനത്തുചേരി (66.43), വിളക്കുടി ഗ്രാമപഞ്ചായത്തിലെ 01.കുന്നിക്കോട് വടക്ക് (74.71), ഇടമുളക്കൽ ഗ്രാമ പഞ്ചായത്തിലെ 04.തേവർതോട്ടം (80.16) |
| പത്തനംതിട്ട | - | കല്ലൂപ്പാറ ഗ്രാമപഞ്ചായത്തിലെ 07.അമ്പാട്ടുഭാഗം (71.06) |
| ആലപ്പുഴ | - | തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിലെ 06.തണ്ണീർമുക്കം (81.4), എടത്വാ ഗ്രാമപഞ്ചായത്തിലെ 15.തായങ്കരി വെസ്റ്റ് (76.08) |
| കോട്ടയം | - | എരുമേലി ഗ്രാമപഞ്ചായത്തിലെ 05.ഒഴക്കനാട് (64.41), പാറത്തോട് ഗ്രാമപഞ്ചായത്തിലെ 09.ഇടക്കുന്നം (74.78), കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിലെ 12.വയലാ ടൗൺ (75.28), വെളിയന്നൂർ ഗ്രാമപഞ്ചായത്തിലെ 07.പൂവക്കുളം (67.12) |
| എറണാകുളം | - | പോത്താനിക്കാട് ഗ്രാമപഞ്ചായത്തിലെ 11.തായ്മറ്റം (78.8) |
| തൃശ്ശൂർ | - | തളിക്കുളം ബ്ലോക്ക് പഞ്ചായത്തിലെ 04.തളിക്കുളം (60.27), കടങ്ങോട് ഗ്രാമപഞ്ചായത്തിലെ 14.ചിറ്റിലങ്ങാട് (78.88) |
| പാലക്കാട് | - | പാലക്കാട് ജില്ലാ പഞ്ചായത്തിലെ 19. ആലത്തൂർ (53.99), ആനക്കര ഗ്രാമപഞ്ചായത്തിലെ 07.മലമക്കാവ് (76.45), കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ 17.പാട്ടിമല (81.26), തൃത്താല |

| | | |
|---|---|---|
| | | ഗ്രാമപഞ്ചായത്തിലെ 04.വരണ്ടു കുറ്റികടവ് (73.59), വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ 01.കാന്തള്ളൂർ (72.17) |
| മലപ്പുറം | - | അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിലെ 07.കുന്നുംപുറം (75.14), കരുളായി ഗ്രാമപഞ്ചായത്തിലെ 12.ചക്കിട്ടാമല (84.33), തിരുന്നാവായ ഗ്രാമപഞ്ചായത്തിലെ 11.അഴകത്തുകളം (69.36), ഊരകം ഗ്രാമപഞ്ചായത്തിലെ 05.കൊടലിക്കുണ്ട് (66.43) |
| കോഴിക്കോട് | - | ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ 15.കക്കറമുക്ക് (89.81) |
| വയനാട് | - | സുൽത്താൻ ബത്തേരി മുനിസിപ്പൽ കൗൺസിലിലെ 17.പാളാക്കര (76.21) |
| കണ്ണൂർ | - | ശ്രീകണ്ഠപുരം മുനിസിപ്പൽ കൗൺസിലിലെ 23.കോട്ടൂർ (80.08), പേരാവൂർ ഗ്രാമപഞ്ചായത്തിലെ 01.മേൽമുരിങ്ങോടി (81.14), മയ്യിൽ ഗ്രാമപഞ്ചായത്തിലെ 08.വള്ളിയോട്ട് (78.58) |

*(എസ്.ഇ.സി. 05/2023)*